**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 123 | 26.09.2011-ൽ<br>മറുപടിയ്ക്ക് |

<u>ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ച്, എതിരാളികൾക്കെതിരെ പ്രവർത്തിച്ച എത്ര സംഭവങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉണ്ടായിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ; | (എ, ബി & സി) | ഇതു സംബന്ധിച്ച് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 4 കേസുകളിൽ ഉൾപ്പെട്ട 41 പ്രതികളിൽ 31 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറ പി.എസ്. ക്രൈം നം.1063/2011 കേസ്സിലെ 2 പ്രതികൾ, ആലപ്പുഴ ജില്ലയിലെ നൂറനാട് പി.എസ്. ക്രൈം നം.392/2011 കേസ്സിലെ 4 പ്രതികൾ, എറണാകുളം റൂറൽ ജില്ലയിലെ അങ്കമാലി പി.എസ്. ക്രൈം നം.1397/2011 കേസ്സിലെ 4 പ്രതികൾ ഉൾപ്പെടെ ആകെ 10 പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്. |
| (ബി) | പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ ഇപ്പോഴും പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാതിരിക്കുന്ന കേസുകൾ ഏതൊക്കെയാണ് ; | | |
| (സി) | എത്ര പ്രതികളെ, എല്ലാ കേസുകളിലുമായി ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ; | | |

(ഡി) സംസ്ഥാനത്തിപ്പോൾ എത്ര ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

(ഡി) സംസ്ഥാനത്തെ പല ജില്ലകളിലും കൊലപാതക കേസുകളിലും, കവർച്ചാകേസുകളിലും, അക്രമ കേസുകളിലും മറ്റും പ്രതികളായ വരും, അല്ലാത്തവരും സംഘങ്ങ ളായി ചേർന്ന് അക്രമപ്രവർത്ത നങ്ങളിൽ ഏർപ്പെട്ടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ കൃത്യമായ എണ്ണത്തിനെ സംബന്ധിച്ച വിവരം ലഭ്യമല്ല.

സെക്ഷൻ ഓഫീസർ.